# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4385** **17.05.2017**-ൽ മറുപടിക്ക്

## പ്രധാനമന്ത്രി സ്വാസ്ഥ്യ സുരക്ഷാ യോജന

**ചോദ്യം**

**ശ്രീമതി യു. പ്രതിഭ ഹരി**
**ശ്രീ.ഡി.കെ. മുരളി**
**ശ്രീ.എ. പ്രദീപ്കുമാർ**
**ശ്രീ.യു. ആർ. പ്രദീപ്**

**മറുപടി**

**ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പ്രധാനമന്ത്രി സ്വാസ്ഥ്യ സുരക്ഷാ യോജന (PMSSY) നടപ്പിലാക്കിയിട്ടുണ്ടോ; | എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ ഇത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി)<br><br>സി)<br><br>ഡി) | ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ ഏതെല്ലാം മെഡിക്കൽ കോളേജുകൾക്ക് കേന്ദ്ര ധനസഹായം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;<br><br>മെഡിക്കൽ കോളേജുകളിൽ നൂതന സാങ്കേതിക വിദ്യകൾ ഏർപ്പെടുത്തുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;<br><br>ഈ പദ്ധതിയുടെ കേന്ദ്ര വിഹിതം എത്രയാണെന്നും നടപ്പു സാമ്പത്തിക വർഷം ഇതിനായി എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | ബി), സി) & ഡി) | പി.എം.എസ്.എസ്.വൈ ഒന്നാംഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ള തിരുവനന്തപുരം മെഡിക്കൽ കോളേജിന് കേന്ദ്ര വിഹിതമായി അനുവദിച്ച (100 കോടി രൂപ) മുഴുവൻ തുകയും ലഭിച്ചിട്ടുണ്ട്. പി.എം.എസ്.എസ്.വൈ മൂന്നാംഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ള റ്റി.ഡി മെഡിക്കൽ കോളേജ് ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവയുടെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകളുടെ നിർമ്മാണങ്ങൾക്കും, മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനുമായി കേന്ദ്രവിഹിതം 240 കോടി രൂപ (120 കോടി രൂപ വീതം) അംഗീകരിച്ചിട്ടുണ്ട്. നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചിട്ടുള്ള മെഡിക്കൽ ഉപകരണങ്ങളും സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകളുടെ നിർമ്മാണവുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത പണികൾ പൂർത്തിയാകുന്ന മുറയ്ക്ക് കേന്ദ്രത്തിൽ നിന്നും ഫണ്ട് അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ